**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1852 — 14.08.2017 ൽ മറുപടിക്ക്

കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രി

| | ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികളാൽ നടത്തപ്പെടുന്ന ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിതരണം നടത്തുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകാനുള്ള തുക കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികളാൽ നടത്തപ്പെടുന്ന ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിതരണം നടത്തുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് കുടിശ്ശികതീർത്തു 16,00,000/- (പതിനാറുലക്ഷം) രൂപ 01.08.2017-ൽ അനുവദിച്ചിട്ടുണ്ട്. അതാതു മാസങ്ങളിൽ തന്നെ ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കുടിശ്ശിക തുക ഉടൻ കൊടുത്തു തീർക്കുന്നതിനും അതാത് മാസങ്ങളിൽ തന്നെ ബില്ലുകൾ മാറ്റി നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | ഇവിടുത്തെ " പേഷ്യന്റ് എംപ്ലോയീസ് " ആയി ജോലി ചെയ്ത് വിരമിച്ച അന്തേവാസികൾക്കുള്ള ഫിനാഷ്യൽ അസിസ്റ്റൻസ് കുടിശ്ശിക കൊടുത്തു തീർത്ത് തുടർന്ന് അതാത് മാസങ്ങളിൽതന്നെ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി)<br>&<br>(ഡി) | " പേഷ്യന്റ് എംപ്ലോയീസ് " ആയി ജോലി ചെയ്ത് വിരമിച്ച അന്തേവാസികൾക്കുള്ള ഫിനാഷ്യൽ അസിസ്റ്റൻസ് കുടിശ്ശിക ഓണത്തിന് മുൻപ് അനുവദിച്ച് നൽകുന്നതിനും തുടർന്ന് അതാതു മാസങ്ങളിൽ തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓണത്തിന് മുൻപ് മേൽപ്പറഞ്ഞ മുഴുവൻ കുടിശ്ശികകളും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരി ക്കുമോ; | | |
| (ഇ) | ഇവിടുത്തെ അന്തേവാസികളുടെ റേഷൻ കാർഡ് / പെർമിറ്റ് ബി.പി.എൽ. ആയി നിലനിർത്തി ഭക്ഷ്യ സാധനങ്ങൾ അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | സർക്കാർ മനസികാരോഗ്യകേന്ദ്രങ്ങൾ, ത്വക്ക് രോഗാശുപത്രികൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ